
മലയാള
മനോരമ
ഇന്ത്യയിൽ ഏററവും കൂടുതൽ പ്രചാരമുള്ള വാരിക



മനോരമ ആഴ്ചപ്പതിപ്പ്

പുസ്തകം 38 ലക്കം 28 ജൂലൈ 10, 1993

## നമുക്കു ചുറ്റും

### തൊഴിലും തേടി തെറിയും കേട്ട്...

പ്രതീക്ഷാനിർഭരമായ ടെസ്റ്റുകളും ഇന്റർവ്യൂകളും പലതും കഴിഞ്ഞു... ഫലം നിരാശ മാത്രം. ജോലി വിലകൊടുത്തു വാങ്ങാൻ പണമില്ല... ശുപാർശ ചെയ്യാൻ ഉന്നതരായ ബന്ധുമിത്രാദികളുമില്ല. ഒടുവിൽ സ്വയംതൊഴിൽ പദ്ധതിയനുസരിച്ചു വായ്പ എടുത്ത് എന്തെങ്കിലുമൊരു ചെറുകിട വ്യവസായം ആരംഭിക്കാമെന്നുതന്നെ തീരുമാനിച്ചു. അതനുസരിച്ചു കഴിഞ്ഞ മാർച്ച് മൂന്നാംതീയതി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെത്തി. 'സെൽഫ് എംപ്ലോയ്മെന്റ് സ്കീമി'ന്റെ വിശദവിവരങ്ങളറിയുകയായിരുന്നു ലക്ഷ്യം. കൂടെ രണ്ടു കൂട്ടുകാരികളുമുണ്ട്. ഓഫീസിലെ ഒരു ജീവനക്കാരനോടു യാത്രയുടെ ഉദ്ദേശ്യത്തെക്കുറിച്ചു പറഞ്ഞു. അദ്ദേഹം വായ്പാപദ്ധതിയെക്കുറിച്ചും അതിന്റെ വിജയപരാജയ സാദ്ധ്യതകളെക്കുറിച്ചും കാര്യമാത്രപ്രസക്തമായി ഞങ്ങളെ പറഞ്ഞു മനസിലാക്കി.

"ഇനി നിങ്ങൾ ഓഫീസറെക്കൂടി കാണ്... അദ്ദേഹം കൂടുതൽ വിവരങ്ങൾ പറഞ്ഞുതരും." ആ ജീവനക്കാരൻ ഒടുവിൽ നിർദേശിച്ചു. അതനുസരിച്ചു ഞങ്ങൾ മൂവരുംകൂടി ഓഫീസറുടെ മുറിയിലേക്കു കടന്നുചെന്നു.

"ഗുഡ്മോണിംഗ് സാർ... ഞങ്ങൾ..." സംഭാഷണം പൂർത്തിയാക്കാൻപോലും എനിക്കു സാവകാശം ലഭിച്ചില്ല. ഓഫീസർ ഈറ്റപ്പുലിയെപ്പോലെ കസേരയിൽനിന്നു ചാടി എണീറ്റു.

"ഛീ... എറങ്ങ്... വെളീലെറങ്ങ്. ഒരു കൊണവതിയാരം എനിക്കു കേക്കണ്ട..." അദ്ദേഹം ആക്രോശിച്ചു. ഞങ്ങൾ മരവിച്ചുനിന്നുപോയി. ഞങ്ങൾ എന്തു തെറ്റാണു ചെയ്തതെന്നും മനസിലായില്ല.

"ഉം... നിങ്ങളോടുതന്നെ... പൊറത്തോട്ടെറങ്ങാൻ..." അടക്കാനാ




വാത്ത കോപത്തോടെ ഓഫീസർ നിന്നു തുള്ളുകയാണ്. അമ്പരപ്പോടും ലജ്ജയോടും ഞങ്ങൾ മുറിവിട്ടു. സ്വയംതൊഴിൽ പദ്ധതിയുടെ വിവരങ്ങൾ തിരക്കാനിറങ്ങിയ നിമിഷത്തെ ശപിച്ചുകൊണ്ട് ആ ഓഫീസിൽ നിന്നിറങ്ങുമ്പോൾ ഞങ്ങളെ മുറിക്കകത്തേക്കു കയറ്റിവിട്ട ജീവനക്കാരനെ ശകാരിക്കുകയായിരുന്നു ഓഫീസർ.

പ്രസന്ന പി. എൽ.
പ്രിൻസ്‌വെൻ, പടപ്പക്കര പി.ഒ.,
മുളവന, കൊല്ലം-691 503.

എന്റെ ആദ്യത്തെ കഥ

# മഴയുള്ള ഒരു രാത്രി

**പൊ**ന്നാനിക്കാരനാവുക എന്നതിനർത്ഥം ഒരു വലിയ പാരമ്പര്യം തലയിൽ ചുമക്കുക എന്നതാണ്. പിറന്നു വീഴുന്ന ഓരോ പൊന്നാനിക്കാരനും ആ ഭാരം തലയിലേറ്റി നടക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. എനിക്കു ചെറുപ്പത്തിലേ ബോധ്യമായിട്ടുള്ളതാണിത്. അച്ഛനും അമ്മയുമടക്കം അരഡസൻ സാഹിത്യകാരന്മാരും കലാകുതുകികളും അടങ്ങുന്ന ഒരു കുടുംബത്തിൽ സ്വാഭാവികമായി അങ്ങനെയേ വരൂ. ആ അന്തരീക്ഷത്തിൽ എന്തുകൊണ്ട് ഒരു കഥ അല്ലെങ്കിൽ കവിത എഴുതിയില്ല എന്ന ചോദ്യത്തിനേ പ്രസക്തിയുള്ളൂ. അതുകൊണ്ടായിരിക്കണം ഞാൻ കഥയും കവിതയും എഴുതിത്തുടങ്ങിയത്. പിന്നീടു കവിത നിർത്തി കഥ മാത്രമെഴുതി. മനസ്സിൽ കുറച്ചു കവിതയും കൂടുതൽ കഥകളുമുള്ളതുകൊണ്ടല്ല, മറിച്ചായിരുന്നു. മനസ്സിൽ നിറയെ കവിതയും വളരെ കുറച്ചു കഥകളുമായിരുന്നു.

ആദ്യമെഴുതിയ കഥ വെറും നേരമ്പോക്കായിരുന്നു. ആയിരം രൂപ ലോട്ടറി അടിച്ചുവെന്നു പറഞ്ഞ് അടുത്തുകൂടിയ സ്നേഹിതൻ ചായ കുടിക്കാൻ ഹോട്ടലിലേക്കു ക്ഷണിക്കുന്നതും പണം കൊടുക്കാൻ നേരത്ത് അപ്രത്യക്ഷനാകുന്നതുമായിരുന്നു കഥ. പതിമൂന്നോ പതിനാലോ വയസ്സിലാണ് ആ കഥ എഴുതിയത്. ആ കഥ എന്നെ കുടുംബത്തിലെ ഒരു വീരപുരുഷനാക്കി മാറ്റി. അംഗീകാരത്തിന്റെ ലഹരിയിൽ മയങ്ങിക്കിടന്നു കുറേക്കാലം. അടുത്ത കഥ എഴുതുന്നതുവരെ. ഞാനെപ്പോഴും അങ്ങനെയാണ്. കൽക്കത്തയിൽ ജോലിയന്വേഷിച്ചു പോയപ്പോഴാണ് ആദ്യത്തെ കഥ പ്രസിദ്ധീകരിച്ചത്. അച്ഛന്റെ കത്തുണ്ടാവും. ഒരു കഥ അച്ചടിച്ചു വന്നാലെ വേറൊരു കഥ എഴുതാൻ പാടുള്ളൂ എങ്കിൽ ഇപ്പോൾ എഴുതേണ്ട സമയമായി. എന്നിട്ടും ഞാൻ എഴുതിയില്ല. കൊല്ലത്തിൽ ഒരു കഥ മാത്രം. ചില കൊല്ലങ്ങളിൽ അതുമില്ല.

കൽക്കത്തയിൽ പോയശേഷം എഴുതിയ രണ്ടാമത്തെ കഥയാണ് ആദ്യമായി പ്രസിദ്ധീകരിച്ചുവന്ന കഥ 'മഴയുള്ള ഒരു രാത്രിയിൽ'. സാധാരണ ചെയ്യാറുള്ളതുപോലെ ആ കഥയും അച്ഛനുകൊടുത്തു. നിർദ്ദേശങ്ങൾക്കും തിരുത്തലുകൾക്കും വേണ്ടി. ഓരോ കഥ എഴുതിക്കഴിഞ്ഞാലും അങ്ങനെയാണ്. അച്ഛനു കാണിച്ചുകൊടുക്കും. നിർദ്ദേശങ്ങളും തിരുത്തലുകളുമുണ്ടാകും. ഇപ്രാവശ്യം അതല്ല ഉണ്ടായത്. മറുപടിയിൽ പിസിമ്മാവന്റെ (ഉറൂബ്) ഒരു കത്തും ഒപ്പം വെച്ചിരുന്നു. "ഹരിയെ ശ്രദ്ധിക്കേണ്ട സമയമായിരിക്കുന്നു. ഞാൻ ഈ കഥ വർഗീസ് കളത്തിലിന് അയച്ചുകൊടുക്കാം. മനോരമയിൽ ഇടാൻ പററുമോ എന്നു നോക്കാൻ."

കഥ പ്രസിദ്ധീകരിക്കുന്നതിനെപ്പററി അതുവരെ ആലോചിച്ചിരുന്നില്ല. കഥ പ്രസിദ്ധീകരിക്കുമെന്നു വലിയ പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. സന്തോഷം തോന്നി. അധികം താമസിയാതെ വർഗീസ് കളത്തിൽ സാറിന്റെ കത്തുകിട്ടി. അച്ഛന് അയച്ച കത്താണ്. അച്ഛൻ അത് എനിക്കയച്ചുതന്നു. കഥ വളരെ ഇഷ്ടപ്പെട്ടു എന്നും, മനോരമയിൽ കൊടുക്കാമെന്നും. ഇങ്ങനെ ഒരു മകനു ജന്മം നൽകിയതിൽ ജാനകിയമ്മയ്ക്ക് അഭിമാനിക്കാമെന്നും മറ്റും പറഞ്ഞുകൊണ്ടുള്ള കത്ത്.

ആദ്യം പ്രസിദ്ധീകരിച്ച കഥ എഴുതാനുള്ള പ്രചോദനം കിട്ടിയത് അടുത്തവീട്ടിലെ ബ്രാഹ്മണസ്ത്രീയിൽനിന്നാണ്. അമ്മയുടെ പ്രായം കാണും. ഒരു ദിവസം അവരെ കാണാൻ പോയപ്പോൾ അവർ വളരെ വിഷമിച്ചിരിക്കുന്നതുപോലെ തോന്നി. എന്തോ അലട്ടുന്നപോലെ. ഇടയ്ക്കിടയ്ക്കു ജനലിന്നടുത്തുപോയി പുറത്തേയ്ക്കു നോക്കും. സ്വസ്ഥതയില്ലാതെ അങ്ങോട്ടുമിങ്ങോട്ടും നടക്കും. സുഖമില്ലേ എന്ന ചോദ്യത്തിനും മറുപടിയൊന്നുമുണ്ടായില്ല.

പിന്നീടാണു ഞാൻ കാരണം മനസ്സിലാക്കിയത്. അവരുടെ മകൻ മരിച്ചത് ഏതാനും വർഷങ്ങൾക്കു മുൻപ് ആ ദിവസമായിരുന്നു. എന്റെ മനസ്സിൽ ആ സംഭവം എന്തൊക്കെയോ ചലനങ്ങളുണ്ടാക്കി. അന്നു വൈകുന്നേരം നടക്കാനിറങ്ങിയതു ഡോക്കിന്റെ പരിസരത്തായിരുന്നു. അസ്തമനം കണ്ടു. അതോടെ കഥയ്ക്കു പശ്ചാത്തലവും കിട്ടി.

കഥ മനോരമയിൽ അച്ചടിച്ചുവന്നപ്പോൾ വളരെ സന്തോഷം തോന്നി. പ്രത്യേകിച്ചും സ്നേഹിതന്മാരുടെ അഭിനന്ദനങ്ങളും അംഗീകാരവും കിട്ടിയപ്പോൾ. രണ്ടു കഥകൾ കൂടി മനോരമയിൽ പ്രസിദ്ധീകരിച്ചുവന്നു. പിന്നീടാണ് ഒരു കഥ മാതൃഭൂമിക്കയച്ചുകൊടുത്തതും എം.ടി. അതു പ്രസിദ്ധീകരിച്ചതും.

**ഇ. ഹരികുമാർ**